# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2300** **06.10.2016-ന് മറുപടിയ്ക്ക്**

**ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് ഭൂമി ഏറ്റെടുക്കൽ**

| ചോദ്യം<br>ശ്രീ.മോൻസ് ജോസഫ് | ഉത്തരം<br>ശ്രീ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|
| എ) ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് പൊന്നുംവില നടപടികൾ സംബന്ധിച്ച് 16206/ബി2/റവ/16 നമ്പർ ഫയലിൽ ആവശ്യപ്പെട്ട വിശദീകരണം കോട്ടയം ജില്ലാ കളക്ടർ നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കുമോ;<br>ബി) 9/5/2013-ലെ നമ്പർ 2655/13/റവ. ഉത്തരവിലെ അവ്യക്തതകൾ പരിഹരിച്ച് സർക്കാർ പുതുക്കിയ ഉത്തരവ് എത്രയും വേഗം ഇറക്കാൻ നടപടി സ്വീകരിക്കുമോ;<br>സി) നിർദ്ദിഷ്ട ഭൂമി നെഗോഷ്യയേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനായി എത്രയും വേഗം നടപടി സ്വീകരിക്കുമോ; ഇതു സംബന്ധിച്ച് വ്യക്തമായ ഉത്തരവ് പുനക്രമീകരിച്ച് ഇറക്കുന്നതിന് നടപടി സ്വീകരിക്കുമോ; | എ) യും ബി) യും സി) യും<br>ഏറ്റുമാനൂർ-എറണാകുളം റോഡിലെ അപകടകരമായ വളവുകൾ നിവർത്തുന്നതിന് പൊന്നുംവില നടപടികൾ സംബന്ധിച്ച് 11.08.16-ലെ 16206/ബി2/16/റവ നമ്പർ കത്ത് പ്രകാരം നിർദ്ദിഷ്ട നെഗോഷ്യയേറ്റഡ് പർച്ചേസ് മുഖേന ഏറ്റെടുക്കുന്നതിനായി നിലനിൽക്കുന്ന സാഹചര്യങ്ങൾ ഉൾപ്പെടുത്തിയ വിശദമായ റിപ്പോർട്ട് കോട്ടയം ജില്ലാ കളക്ടറിൽ നിന്നും ആവശ്യപ്പെട്ടിട്ടുണ്ട്. ടി റിപ്പോർട്ട് ലഭ്യമായിട്ടില്ല. കോട്ടയം ജില്ലാ കളക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാന ത്തിൽ 09.05.2013 തീയതിയിലെ 2655/13/റവ നമ്പർ ഉത്തരവിൽ എന്തെങ്കിലും ഭേദഗതി ആവശ്യമാണെ ങ്കിൽ അക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. |

| | |
|---|---|
| ഡി) 2013-ലെ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെൻറ് ആക്ട് നിലവിൽ വന്നതിന് മുമ്പെയുള്ള സർക്കാർ ഉത്തരവ് ആയതിനാൽ സാമൂഹിക ആഘാത പഠനത്തിന്റെ ആവശ്യകത ഈ സ്ഥലമെടുപ്പിന് ആവശ്യമുണ്ടോ എന്ന കാര്യം പരിശോധിക്കുമോ? | ഡി) 2013-ലെ പുതിയ ലാൻഡ് അക്വിസിഷൻ, റീഹാബിലിറ്റേഷൻ ആൻഡ് റീസെറ്റിൽമെൻറ് ആക്ട് നിലവിൽ വന്നതിനാൽ ഇനി പഴയ ആക്ട് പ്രകാരം ഭൂമി ഏറ്റെടുക്കാൻ കഴിയില്ല. പുതിയ നിയമം എൽ.എ.ആർ.ആർ ആക്ട് 2013-ലെ സെക്ഷൻ 4-9 പ്രകാരം സാമൂഹിക പ്രത്യാഘാതവും പൊതു ആവശ്യവും പഠന വിലയിരുത്തൽ നടത്തേണ്ടതാണ്. |

സെക്ഷൻ ഓഫീസർ